൭൯൫ ൫. (൨൯൫) ശ്രീ. എ. എം. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജനോദ്ധാരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) അവശകുസ്യൻ സമുദായ ഫെഡറേഷൻ എന്ന സംഘടനയിൽനിന്നും അവശകുസ്യൻ സമുദായംഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ കിട്ടാത്തിനെപ്പറ്റി അടുത്ത വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്ത്;

(സി) ഈ സഭയിലെ ഒരു മെമ്പറായ ശ്രീ. പി. ചാക്കോയുടെ നേതൃത്വത്തിൽ സത്യാഗ്രഹം തുടങ്ങുമെന്ന അവരുടെ നിവേദനത്തിലുണ്ടോ;

(ഡി) വിദ്യാഭ്യാസാനുകൂല്യങ്ങൾ സിദ്ധിക്കാതെ ൨൦൦ കുട്ടികളോളം വിദ്യാലയങ്ങൾ വിടേണ്ടിവന്നിട്ടുണ്ടെന്നു പറയുന്നതിൽ വാസ്തവമുണ്ടോ?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ട്.

(ബി) പ്രസ്തുത നിവേദനത്തിൽ പിന്നോക്ക സമുദായകുസ്യൻ സമുദായക്കാരുടെ ആവശ്യങ്ങളേയും ആ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നേരിടേണ്ടിവന്നിട്ടുള്ള വിഷമതകളേയും പറഞ്ഞ് പ്രതിപാദിച്ചിരുന്നു.

(സി) ഉണ്ടായിരുന്നു.

(ഡി) ഇല്ല.

Unstarred Questions

ചേർത്തല താലൂക്കിലെ ഫാക്ടറികൾ

൭൯൬. (൨) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തല താലൂക്കിൽ ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഫാക്ടറികൾ എത്ര;

(ബി) അവയിൽ ആകെക്കൂടി ജോലിചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾ എത്ര;

(സി) ൧൯൫൭-ൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഫാക്ടറികൾ എത്ര; അന്നുണ്ടായിരുന്ന തൊഴിലാളികൾ എത്ര;

(ഡി) ൧൯൫൪-ൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഫാക്ടറികളുടെ എണ്ണവും അവകളിൽ ജോലിയുണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണവും?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ൪൨.

(ബി) ൫,൪൦൦.

(സി) ൩൭ തൊഴിൽശാലകൾ. ൪,൫൪൦ തൊഴിലാളികൾ.

(ഡി) ൪൩ തൊഴിൽശാലകൾ. ൩,൩൭൫ തൊഴിലാളികൾ.

STATE TRANSPORT

27. [5] **Sri. Eapen Arakkal:** Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) the annual gross income;

(*b*) the annual expenditure;

(*c*) the net profit from the State Transport Department for the year 1124 M. E.

LIBRARY ARCHIVES Kerala Legislative Assembly